**Siraj**
**28 July 2018**
**Muvattupuzha; Relief Work, Red Cross,**

# പ്രകൃതി ദുരന്തങ്ങളിൽ റെഡ് ക്രോസിന്റെ പ്രവർത്തനങ്ങൾ മാതൃകാപരം: ആർ ഡി ഒ

മുവാറ്റുപുഴ: വെള്ളപ്പൊക്കംപോലുള്ള പ്രകൃതി ദുരന്തങ്ങളിൽ റെഡ് ക്രോസിന്റെ നേതൃത്വത്തിലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമൂഹത്തിന് മാതൃകയാക്കാമെന്ന് മുവാറ്റുപുഴ ആർ ഡി ഒ, കെ പി അനിൽ കുമാർ പറഞ്ഞു. നിർമ്മല കോളജിൽ യൂത്ത് റെഡ് ക്രോസ് യൂനിറ്റിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിൽ റെഡ് ക്രോസിന്റെ പ്രസക്തിയെക്കുറിച്ചും സാധ്യതയെക്കുറിച്ചും വ്യാപ്തിയെക്കുറിച്ചും അദ്ദേഹം വിദ്യാർഥികളോട് വിവരിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. ടി എം ജോസഫ് അധ്യക്ഷത വഹിച്ചു. യൂത്ത് റെഡ് ക്രോസ് ജില്ലാ ചെയർമാൻ ഇ എ ഷബീർ, സെക്രട്ടറി ബിജോയ് കെ വി, മുവാറ്റുപുഴ യൂത്ത് റെഡ് ക്രോസ് ചെയർമാൻ അഡ്വ. സി വി പോൾ, വൈസ് പ്രസിഡന്റ് ജിമ്മി ജോസഫ്, കോളജ് യൂണിറ്റ് പ്രസിഡന്റ് എയ്ബൽ ബാബു സംസാരിച്ചു.

നിർമ്മല കോളജിലെ എൻ സി സി യൂനിറ്റും യൂത്ത് റെഡ് ക്രോസും സംയുക്തമായി സംഘടിപ്പിച്ച രക്തദാന ക്യാമ്പിൽ നൂറുകണക്കിന് വിദ്യാർഥികൾ രക്തം ദാനം ചെയ്തു. വിദ്യാർഥികളിൽ നിന്നും ശേഖരിച്ച വസ്ത്രങ്ങൾ എൻ സി സി കേഡറ്റുകൾ റെഡ് ക്രോസ് ഭാരവാഹികൾക്ക് കൈമാറി. യൂത്ത് റെഡ് ക്രോസ് പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. എബിൻ വിൽസൺ, ആന്റണി പി സി., എൻ സി സി കേഡറ്റുകളായ ദീപക് ടി. കാപ്പൻ, അഭിരാം, അൽഫോൻസ് ജോസ്, ആതിര ജെയിംസ് മുതലായവർ നേതൃത്വം നൽകി.